**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ എഴുതുന്നതും സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ - സമയ പരിധി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**ജി ഒ(ആർ റ്റി) നം: 3742/09/പൊ.വി.വ.** **തീയതി, തിരുവനന്തപുരം, 5/09/2009.**

---

പരാമർശം: സ.ഉ(സാധാ) നമ്പർ 1977/09/പൊ.വി.വ. തീയതി 23/5/2009.

**ഉത്തരവ്**

അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ എഴുതുന്നതും സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് പരാമർശപ്രകാരം ഉത്തരവായിരുന്നു. ആഗോള സാമ്പത്തിക മാന്ദ്യം കാരണം വിദേശത്ത് പഠനം തുടരാൻ കഴിയാതെ നാട്ടിലേയ്ക്ക് മടങ്ങിവരുന്നവർ, നിലവിൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠനം നടത്തിവരുന്നവർ എന്നിങ്ങനെ നിരവധി വിദ്യാർത്ഥികൾ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/ അംഗീകൃത സ്കൂളുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിനെ സമീപിക്കുന്നുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത്തരം വിദ്യാർത്ഥികൾക്ക് സർക്കാർ/ എയ്ഡഡ്/അംഗീകൃത സ്കൂളുകളിൽ ചേർന്ന് തുടർന്ന് പഠിക്കുന്നതിന് പരാമർശിത ഉത്തരവിൽ നൽകിയ അനുമതി നീട്ടി അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു. അതിനാൽ പരാമർശിത ഉത്തരവിലെ 1,2,3,6 വ്യവസ്ഥകൾക്ക് വിധേയമായി വിദേശത്ത് പഠനം തുടരാൻ കഴിയാതെ നാട്ടിലേയ്ക്ക് മടങ്ങിവരുന്ന കുട്ടികൾക്കും നിലവിൽ അംഗീകാരം ഇല്ലാത്ത സ്കൂളുകളിൽ പഠനം നടത്തി വരുന്നവർക്കും സർക്കാർ/എയ്ഡഡ് /അംഗീകൃത സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിൽ ചേർന്ന് തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ അതിനുള്ള അപേക്ഷ 25/9/2009-ന് മുമ്പായി ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർക്ക്/ഹെഡ്മിസ്ട്രസ്സിന് നല്കേണ്ടതും ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സുമാർ സഹാദ്ധ്യാപകരുടെ സഹായത്തോടെ വിവിധ വിഷയങ്ങളുടെ യോഗ്യതാ പരീക്ഷ 29/09/2009-നു മുമ്പായി നടത്തേണ്ടതും അർഹരായവരെ തൊട്ടുയർന്ന ക്ലാസ്സിൽ 30/09/2009-നകം ടി.സി.ഇല്ലാതെ പ്രവേശനം അനുവദിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**

**ഗവൺമെന്റ് സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും } പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും } മുഖേന

ഡയറക്ടർ വിവര പൊതുജന സമ്പർക്ക വകുപ്പ്

**(വ്യാപകമായ പ്രചാരണം നല്കുന്നതിന്)**

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി